"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 15/3/2024 ലെ സ.ഉ(കൈ)നം.67/2024/റവ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച സ്പെഷ്യൽ ഓഫീസിലേക്ക് നിലവിലുള്ള 2 ചെയിന്മാൻമാരെ കൂടാതെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച 2 ചെയിൻമാൻമാരുടെ നിയമനം സാധൂകരിച്ചും, ടി കാര്യാലയത്തിലേക്ക് അനുവദിച്ച വാടക വാഹനത്തിന് പുറമേ ഒരു വാഹനം കൂടി ഏർപ്പെടുത്തുന്നതിനും, ആയവയ്ക്കുള്ള ചെലവ് ഡിജിറ്റൽ റീസർവ്വേയ്ക്ക് വേണ്ടി അനുവദിച്ച ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിനു അനുമതി നല്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എം) വകുപ്പ്**

സ.ഉ.(കൈ) നം.79/2025/RD തീയതി,തിരുവനന്തപുരം, 19-03-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം. 67/2024/റവ, തീയതി 15/3/2024.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 20/01/2025-ലെ LR/103/2025-LR (N3) നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലെ പട്ടയ അപേക്ഷകൾ പരിശോധിച്ച് പട്ടയം നല്കുന്നതിനായി 17 തസ്തികകൾ ഒരു വർഷത്തേക്ക് താത്കാലികമായി സൃഷ്ടിച്ച് ഒരു സ്പെഷ്യൽ ഓഫീസ് അനുവദിച്ചും ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കിക്കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പരാമർശ ഉത്തരവ് പ്രകാരം അനുമതി നല്കിയിട്ടുള്ള മുണ്ടക്കയം ഭൂമി പതിവ് സ്പെഷ്യൽ ഓഫീസിലേയ്ക്ക് അനുവദിച്ച 4 സർവ്വേയർമാരെ ഫീൽഡ് സർവ്വേയിൽ സഹായിക്കുന്നതിനായി അനുവദിച്ചിട്ടുള്ളത് 2 ചെയിൻമാൻമാരെ മാത്രമാണ്. സർവ്വേ ജോലികൾക്കായി നിലവിൽ 4 RTK മെഷീനുകളും അനുബന്ധ ഉപകരണങ്ങളും അനുവദിച്ചിട്ടുണ്ട്. നിലവിൽ എരുമേലി വടക്ക്, കോരുത്തോട്, എരുമമേലി തെക്ക് വില്ലേജുകളിൽ നിന്നായി 7250 പട്ടയം അപേക്ഷകൾ ലഭിച്ചിട്ടുള്ളതാണ്. പട്ടയ നടപടികൾ പുരോഗമിക്കുന്ന മുറക്ക് കൂടുതൽ അപേക്ഷകൾ ലഭിക്കുവാൻ സാദ്ധ്യത ഉള്ളതും ആണ്. ചെങ്കുത്തായ മലമ്പ്രദേശങ്ങൾ ഉൾപ്പെട്ട മേൽ സൂചിപ്പിച്ച വില്ലേജുകളിൽ നിന്ന് ലഭിച്ച പട്ടയ അപേക്ഷകളിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ഉത്തരവിൽ അനുവദിച്ചതിനു പുറമേ 2 ചെയിൻമാരെക്കൂടി മുണ്ടക്കയം എൽ.എ സ്പെഷ്യൽ ഓഫീസിൽ കരാർ പ്രകാരം നിയമിച്ചിട്ടുണ്ട്. അർഹരായ എല്ലാപേർക്കും പട്ടയം അനുവദിക്കുക എന്ന സർക്കാർ നയത്തിന് അനുസൃതമായി പട്ടയ

നടപടികൾ ഊർജ്ജിതമാക്കുന്നതിനു വേണ്ടി അധികമായി നിയോഗിച്ച 2 ചെയിൻമാൻമാരുടെ നിയമനം സാധൂകരിച്ച് വേതനം മാറി നല്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് മുണ്ടക്കയം ഭൂമി പതിവ് സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ടിരുന്നു.

3) നിലവിൽ അനുവദിച്ചിരിക്കുന്ന വാടക വാഹനം RTK മെഷീനുകളും അനുബന്ധ ഉപകരണങ്ങളും സഹിതം സർവേയർമാർ ചെയിൻമാൻമാർ മുതലായവരെ ഫീൽഡുകളിൽ എത്തിക്കുന്നതിന് ഉപയോഗിക്കുന്നതായും പട്ടയ അപേക്ഷ ലഭിച്ച ഭൂരിഭാഗം പ്രദേശങ്ങളും പൊതു ഗതാഗത സവിധാനം വഴി എത്തിച്ചേരാൻ കഴിയുന്നവയല്ലാത്തതിനാൽ റവന്യൂ ഇൻസ്പക്ടർമാർ, ക്ലർക്കുമാർ എന്നിവരെ ഫീൽഡിൽ എത്തിക്കുന്നതിന് ഒരു വാഹനം കൂടി അത്യാവശ്യമാണ് എന്നും റവന്യൂ ഇൻസ്പക്ടർമാർ, ക്ലർക്കുമാർ എന്നിവരും സർവ്വേയർമാർ, ചെയിൻമാൻമാർ എന്നിവരും നിലവിലുള്ള വാഹനം ഒന്നിടവിട്ട ദിവസങ്ങളിൽ മാറി മാറി ഉപയോഗിക്കുന്ന സാഹചര്യത്തിലായാൽ പട്ടയ നടപടികൾ പൂർത്തിയാക്കി അപേക്ഷകർക്ക് പട്ടയം അനുവദിക്കുന്നതിന് സാധിക്കാതെ വരുകയും ചെയ്യുമെന്നതിനാൽ മുണ്ടക്കയം ഭൂമി പതിവ് സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിലേക്ക് സർക്കാർ ഉത്തരവു പ്രകാരം അനുവദിച്ചതിനു പുറമേ ഒരു വാഹനം കൂടി ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും മുണ്ടക്കയം ഭൂമി പതിവ് സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ടിരുന്നു.

4) ആയതിന്റെ അടിസ്ഥാനത്തിൽ, 15/3/2024 ലെ സ.ഉ.(കൈ)67/2024/റവ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച സ്പെഷ്യൽ ഓഫീസിലേക്ക് നിലവിലുള്ള 2 ചെയിന്മാൻമാരെ കൂടാതെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച 2 ചെയിൻമാൻമാരുടെ നിയമനം സാധൂകരിച്ച് വേതനം മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സർവ്വേ നടപടികൾക്കായി സർക്കാർ ഉത്തരവ് പ്രകാരം മുണ്ടക്കയം ഭൂമി പതിവ് സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിലേക്ക് അനുവദിച്ച വാടക വാഹനത്തിന് പുറമേ ഒരു വാഹനം കൂടി ഏർപ്പെടുത്തുന്നതിനും മേൽപ്പറഞ്ഞവയുടെ ചെലവ് ഡിജിറ്റൽ റീസർവ്വേയ്ക്ക് വേണ്ടി അനുവദിച്ച ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് സർവ്വേ ഡയറക്ടർക്ക് നിർദ്ദേശം നല്കുന്നതിനും ലാൻഡ് റവന്യു കമ്മീഷണർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 15/3/2024 ലെ സ.ഉ.(എം.എസ്)നം.67/2024/റവ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച സ്പെഷ്യൽ ഓഫീസിലേക്ക് നിലവിലുള്ള 2 ചെയിന്മാൻമാരെ കൂടാതെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച 2 ചെയിൻമാൻമാരുടെ നിയമനം സാധൂകരിച്ച് വേതനം മാറി നൽകുന്നതിനും സർവ്വേ നടപടികൾക്കായി ടി സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത ഓഫീസിലേക്ക് അനുവദിച്ച വാടക വാഹനത്തിന് പുറമേ ഒരു വാഹനം കൂടി ഏർപ്പെടുത്തുന്നതിനു അനുമതി നല്കിയും മേൽപ്പറഞ്ഞവയുടെ ചെലവ് ഡിജിറ്റൽ റീസർവ്വേയ്ക്ക് വേണ്ടി അനുവദിച്ച ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിനു സർവ്വേ ഡയറക്ടർക്ക് നിർദ്ദേശം നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ,സർവേയും ഭൂരേഖയും വകുപ്പ്

അക്കൌണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം

ജില്ലാ കളക്ടർ, കോട്ടയം

സ്പെഷ്യൽ തഹസിൽദാർ, മുണ്ടക്കയം (എൽ.എ)
ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
Date: 19-03-2025 14:41:45
സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു മുഖ്യമന്ത്രിയുടെ പി.എസ് ന്
ബഹു റവന്യു വകുപ്പ് മന്ത്രിയുടെ പി.എസ് ന്
അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
അഡിഷണൽ സെക്രട്ടറിയുടെ സി.എ -യ്ക്ക്